**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡിൽ നിന്നും സ്ഥലം എഴുതി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ കല്ലട കോളനി നിവാസികൾക്ക് ഹൗസിംഗ് ബോർഡിൽ നിന്നും സ്ഥലം എഴുതി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ട നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | പ്രസ്തുത വിഷയം ജെ1/130/2022/നി.വ. എന്ന ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽ നിന്നും 03/08/2023തീയതിയിൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ച വരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് നികുതി വകുപ്പ് ജെ (1) 130/2020 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച വന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത വിഷയം ജെ1/130/2022/നി.വ. എന്ന ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽ നിന്നും 03/08/2023തീയതിയിൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ച വരുന്നു. |
| (സി) | പ്രസ്തുത വസ്തുവിന്റെ റവന്യൂ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും വസ്തുവിന്റെ റവന്യൂപരമായ വിശദാംശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യം സംബന്ധിച്ച് കോട്ടയം ജില്ലാ രജിസ്ട്രാർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കാമോ? | (സി) | കോട്ടയം ജില്ലാ രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഹൗസിംഗ് ബോർഡിന്റെ പേരിലുള്ള ഉഴവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ 174/4- റീസർവ്വെ നമ്പരിൽ ഉൾപ്പെട്ട 49.23 ആർ വസ്തുക്കൾക്ക് കേരള മുദ്രപത്രനിയമം വകുപ്പ് 9(1)(a) പ്രകാരവും, രജിസ്ട്രേഷൻ ആക്ട് 78(2) പ്രകാരവും യഥാക്രമം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ എന്നിവയിൽ ഇളവ് അനുവദിക്കുകയാണെങ്കിൽ സർക്കാരിന് സഞ്ചിതനിധിയിൽ നിന്നും 21,84,750/-(ഇരുപത്തി ഒന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി എഴുനൂറ്റി അൻപതു രൂപ) റവന്യൂ നഷ്ടം സംഭവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ